ഉത്തരം

(എ) കാർഡുടമകളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി നടത്തി മുൻഗണനാ റാങ്കിംഗ് നടത്തി കരട് മുൻഗണനാ/ മുൻഗണനേതര പട്ടിക പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിലാണ്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ, പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്.

(സി) കരട് മുൻഗണനാ/മുൻഗണനേതര പട്ടികയിൽ മേൽ കാർഡുടമകൾക്കോ മറ്റുള്ളവർക്കോ ഉള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അത് ഡേറ്റാ എൻട്രി നടത്തി അതിന്മേലുള്ള പട്ടിക ഉപയോഗിച്ചാണ് റേഷൻകാർഡുകൾ അച്ചടിക്കേണ്ടത്. കരട് പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും വെരിഫിക്കേഷൻ കമ്മിറ്റി പരിശോധിച്ച് പരിഹരിക്കേണ്ടതുണ്ട്.

പുതിയ മാവേലി സ്റ്റോറുകൾ

193(1260) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി)ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമുണ്ട്. കേരളത്തിലാകെയുള്ള 941 ഗ്രാമ പഞ്ചായത്തുകളിൽ 38 പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ 38 പഞ്ചായത്തുകളിൽകൂടി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു. ഇതുപ്രകാരം കേരളത്തിലെ എല്ലാ സാധാരണ ജനങ്ങൾക്കും പൊതുവിപണിയിലേതിനെക്കാൾ വില കുറച്ച്, സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകുന്നതിന്, അതുവഴി പൊതുവിപണിയിലെ വിലവർദ്ധനവ് ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിക്കുന്നുണ്ട്. ഇത് നടപ്പിൽ വരുത്തുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും സെക്രട്ടറിമാർക്ക് ഈ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ സപ്ലൈകോ ആസ്ഥാനത്തുനിന്നും നേരിട്ട് നൽകിയതിനുപുറമെ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നതിന് 5 റീജിയണൽ മാനേജർമാർക്കും ഡിപ്പോ മാനേജർമാർക്കും സപ്ലൈകോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കിയാൽ ഉടൻ ഈ പ്രദേശങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കും.

എൻഡ് ടു എൻഡ് പദ്ധതി

194(1261) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവിതരണത്തിനായി "എൻഡ് ടു എൻഡ്" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് റേഷൻ വിതരണത്തിന് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവിതരണ രംഗത്ത് ഭക്ഷ്യ വിതരണത്തിനായി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയായ എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ടിന് (DPR) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly